"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കുമാരി. മനസ്വിനി എസ്സ്.- പഠനാവശ്യത്തിനായി വിനിയോഗിച്ച കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.57/2023/CAD   തീയതി,തിരുവനന്തപുരം, 30-09-2023

---

പരാമർശം:- ലീഗൽ മെട്രോളജി കൺട്രോളറുടെ 05-12-2022 ലെ ബി 1-410/2022, 15-09-2023ലെ ബി 7-1055/2023 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിൽ, കണ്ണൂർ സർക്കിൾ 2 ഇൻസ്പെക്ടറാഫീസിൽ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റായി 14-02-2022 ന് ജോലിയിൽ പ്രവേശിച്ച കുമാരി.മനസ്വിനി എസ്സ്. പഠനകാലാവധിയുടെ ഭാഗമായി 15-02-2022 മുതൽ 30-06-2022 വരെയും (136 ദിവസം), പരീക്ഷാകാലാവധി അപ്രതീക്ഷിതമായി ദീർഘിപ്പിച്ചതിനെത്തുടർന്ന് 02-07-2022 മുതൽ 09-08-2022 വരെയും (39 ദിവസം) പഠനാവശ്യത്തിന്റെ ഭാഗമായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാൽ ആയത് ബോധപൂർവ്വം സംഭവിച്ചതല്ലെന്നത് പരിഗണിച്ച്, കോഴ്സിന്റെ മുഴുവൻ കാലത്തേക്കും കൂടിയുള്ള കാലാവധി (15-02-2022 മുതൽ 09-08-2022 വരെ (176 ദിവസം)) പഠനാവശ്യാർത്ഥമുള്ള ശൂന്യവേതനാവധിയായി അനുവദിക്കണമെന്ന് മേൽ പരാമർശത്തിലെ കത്തുകൾ പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിലെ കണ്ണൂർ സർക്കിൾ 2 ഇൻസ്പെക്ടറാഫീസിലെ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കുമാരി.മനസ്വിനി എസ്സ്. അവധിയിലായിരുന്ന 15-02-2022 മുതൽ 09-08-2022 (176 ദിവസം) വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI KUMAR B
ഡെപ്യൂട്ടി സെക്രട്ടറി

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം

കുമാരി. മനസ്വിനി എസ്സ്.,ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ),തിരുവനന്തപുരം

നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി.എ.4/43/2023/സി.എ.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ